# ബാലസാഹിത്യ

## ഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.

# സൂപ്രണ്ടമ്മ



സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ കേരളം 1971

ബാ

ബാലസാഹിത്യ ഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.

# സൂപ്രണ്ടമ്മ

1971 — 1972

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ
തിരുവനന്തപുരം.

# ആമുഖം

1971 ജൂൺ–ജൂലായ് മാസങ്ങളിൽ സ്റ്റേററ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ വച്ച് ഒരു ബാല സാഹിത്യ രചനാലയം സംഘടിപ്പിച്ചു. സാഹിത്യകാരന്മാരായ പതിനേഴ അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപം കൊണ്ട ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നതു്.

പ്രൈമറി വിദ്യാർത്ഥികൾക്കു വേണ്ടി രചിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ. വിദ്യാർത്ഥികൾക്കു വായനയിലുള്ള ശീലവും താൽപര്യവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ
സ്റ്റേററ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

1971 – 1972 ലെ

പുസ്തക രചനാലയത്തിൽ പങ്കു കൊണ്ടവർ

1. ശ്രീ. വി. കെ. ബാലചന്ദ്രൻ
2. ,, മണിയൂർ ഇ. ബാലൻ
3. ,, എൻ. ഭാസ്കരപിള്ള
4. ,, സി. എൻ. ഗംഗാധരൻനായർ
5 ,, പി. ഗോപാലകൃഷ്ണൻ നായർ
6. ,, ജെയിംസ് മണിമല
7. ജോസഫ് കുറവിലങ്ങാട്
8. ,, എൻ. കൃഷ്ണൻകുട്ടി
9. ,, കെ. കൃഷ്ണൻനായർ
10. ,, സി. പി. കുഞ്ഞിരാമപ്പൊതുവാൾ
11. ,, കുര്യൻ വേമ്പനി
12. ,, എ. നാരായണൻ എംബ്രാന്തിരി
13. ,, കെ. വി. രാമനാഥൻ
14. ,, വി. കെ. ശ്രീവത്സൻ
15. ,, കെ. സുകുമാരൻ നായർ
16. ,, എൻ. വാസുദേവൻ നമ്പ്യാതിരി
17. ,, കെ. വേലായുധൻ

# സൂപ്രണ്ടമ്മ

## ഒന്നു്

ഗോപിക്ക പൊട്ടിക്കരയണമെന്നു തോന്നി. സൂപ്രണ്ടമ്മയുടെ വാക്കുകൾ അവന്റെ കാതുകളിൽ മുഴങ്ങി:

"എങ്കിലും, നീയിതു ചെയ്യുമെന്നു ഞാൻ കരുതിയില്ല!"

വേപ്പു മരത്തിന്റെ ചുവട്ടിൽ, ഉയർന്നു നിൽക്കുന്ന കരിമ്പാറയിൽ അവൻ കയറിയിരുന്നു. അവിടെയിരുന്നാൽ, മതിലിന്നു മുകളിലൂടെ, നിരത്തിൽ കടന്നു പോകുന്നവരെക്കാണാം.

പല തരത്തിലും പ്രായത്തിലുമുള്ള ആളുകൾ. ചെറുപ്പക്കാരും വയസ്സന്മാരുമുണ്ടു്; പുരുഷന്മാരും സ്ത്രീകളുമുണ്ടു്. കുട്ടികൾ സ്ക്കൂൾ വിട്ടു് പുസ്തകങ്ങളുമായി വീടുകളിലേയ്ക്കു മടങ്ങുന്നു.

പുറത്തു് എന്തൊരു സ്വാതന്ത്ര്യമാണു്! ഒരു കിളിയെപ്പോലെ എവിടെയും സഞ്ചരിയ്ക്കാം.

മതിലിനുള്ളിലെ ജീവിതത്തെക്കുറിച്ചു് അവനാലോചിച്ചു.

കാലത്തു കൃത്യസമയത്തുണരണം; പൊതു പ്രാർത്ഥനയിൽ പങ്കെടുക്കണം; കുളിയ്ക്കാൻ പൈപ്പിന്റെ ചുവട്ടിൽ വരിവരിയായി നിൽക്കണം; ബെല്ലടിക്കുമ്പോൾ ഭക്ഷണത്തിനെത്തണം; വൈകുന്നേരം കളികളിലേർപ്പെടണം... എല്ലാം അളന്നു ചിട്ടപ്പെടുത്തിയ രീതിയിലാണു്. താളം തെററിയാൽ കുററവാളിയായി.

അവനു വല്ലാത്ത അസ്വാസ്ഥ്യത തോന്നി. വിശപ്പിനു ഭക്ഷണവും കളിക്കുവാൻ കൂട്ടുകാരുമുണ്ടു്. പക്ഷേ ക്രമപ്പെടുത്തിയ

ആ ജീവിതവുമായി അലിഞ്ഞു ചേരുവാൻ പററുന്നില്ല. അതു തൻെറ കുററമാണോ ?

രണ്ടു മൂന്നു കുട്ടികൾ വഴിവക്കിലുള്ള മാവിൽ കല്ലെറിയുന്നതു ഗോപി കണ്ടു.

മാവിൽ നിറയെ കണ്ണിമാങ്ങകളുണ്ടു്. ഒരേറിനു് പത്തും പന്ത്രണ്ടും താഴെ വീഴും. കണ്ണിമാങ്ങ ഉപ്പും കൂട്ടിത്തിന്നാൻ ബഹുരസമാണു്. ഓർത്തപ്പോൾ നാവിൽ വെള്ളമൂറി.

മതിലിന്നരികേ കൂടി ഒരു തെണ്ടിച്ചെറുക്കൻ മൂളിപ്പാട്ടു പാടി കടന്നുപോയി. അവൻ പോലീസിൻെറ കണ്ണിൽ പെട്ടു കാൺകയില്ല. തെണ്ടിത്തിരിഞ്ഞു നടക്കുന്ന പിള്ളരെ കണ്ടാൽ പോലീസു് പിടിക്കും; ബാലമന്ദിരത്തിനകത്താക്കും.

ജയിലും ബാലമന്ദിരവും തമ്മിൽ എന്താണു വ്യത്യാസം? അവനാലോചിച്ചു. വലിയവരെ സൂക്ഷിക്കുന്ന സ്ഥലമാണു ജയിൽ. കൊലപ്പുള്ളികളും തെമ്മാടികളും കള്ളന്മാരുമാണു ജയലിൽ. ബാലമന്ദിരം കുട്ടികൾക്കുള്ള സ്ഥലമാണു്. ചെറിയ ചെറിയ കളവുകൾ നടത്തിയ പലരും തങ്ങളുടെ കൂട്ടത്തിലുണ്ടെന്നു ഗോപിയ്ക്കറിയാം.

കണ്ണുക്കാരൻ ബാലനു പോക്കററടിയായിരുന്നു ജോലി. ഉണ്ടക്കണ്ണൻ രാമു ഒരു കോഴിയെ കട്ടവനാണു്.

പതിനെട്ടു വയസ്സുവരെ മാത്രമേ ബാലമന്ദിരത്തിൽ കഴിഞ്ഞുകൂടാനൊക്കു. സ്വഭാവം നന്നാക്കാനാണത്രേ അതിനകത്തു പാർപ്പിച്ചിരിക്കുന്നതു്.

കള്ളന്മാരെ ഗോപിയ്ക്കു വെറുപ്പാണ്. മററൊരാളുടെ മുതൽ മോഷ്ടിക്കുന്നതു് പാപമാണെന്നു് അവൻ മനസ്സിലാക്കിയിട്ടുണ്ട്.

അവൻ എഴുന്നേററു് തൊടിയിലൂടെ അലസമായി നടന്നു. ചുമ്മാ നടക്കുന്നതിലൊരു രസം തോന്നി. ചെന്നു നിന്നതു് സൂപ്രണ്ടമ്മ താമസിക്കുന്ന കെട്ടിടത്തിൻെറ പുറകുവശത്താണ്.

സൂപ്രണ്ടമ്മ അകത്തുണ്ടാവുമോ ? ഉണ്ടെങ്കിൽ ഇപ്പോൾ എന്തു ചെയ്യുകയായിരിക്കും ? എന്തോ, അവരെക്കാണുമ്പോൾ അവനു വലിയ ബഹുമാനം തോന്നാറുണ്ട്.

വാച്ചറന്മാരും മററും കുട്ടികളെ അടിക്കുന്നതു് അവരറിഞ്ഞാൽ പിന്നെ അടിച്ചവക്കു പൊറുതിയില്ല. ഭക്ഷണം വിളമ്പുന്നിടത്തും പഠനം നടത്തുന്നിടത്തും അവർ ചുററി നടന്നു നോക്കും. എന്തു സങ്കടമുണ്ടെങ്കിലും അവരോടു പറയാം. എപ്പോഴും പുഞ്ചിരിച്ചു കൊണ്ടേ അവരെക്കാണൂ.

തന്നെ പോലീസുകാർ പിടിച്ചു കൊണ്ടു വന്ന രംഗം അവനോർത്തു.

മുറിയിലേയ്ക്കു് അവൻ കയറിയതു് പേടിച്ചു വിറച്ചാണ്. പക്ഷേ.........അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല; തൻെറ മുമ്പിൽ പുഞ്ചിരി പൊഴിച്ചുകൊണ്ടു് ഒരു സ്ത്രീ ഇരിക്കുന്നു!

"എന്താ കുട്ടീടെ പേരു് ?" അവർ ചോദിച്ചു.

ഗോപി ഒന്നും മിണ്ടിയില്ല. അവൻെറ പരിഭ്രമം കണ്ടു് അവർ എഴുന്നേററു് അടുത്തു വന്നു. തോളിൽ തട്ടി വീണ്ടും ചോദിച്ചു.

"കുട്ടീടെ പേരെന്താ ?"

"ഗോപി."

നല്ല പേരാണല്ലോ ! പരിഭ്രമിയ്ക്കണ്ട. നിനക്കിവിടെ സുഖമായിരിക്കും. ധാരാളം കൂട്ടുകാരുമുണ്ട്."

പിന്നീടാണ് അവൻ മനസ്സിലാക്കിയതു്, അവർ അവിടത്തെ സൂപ്രണ്ടാണ് എന്നു്. സൂപ്രണ്ടമ്മ എന്നാണു കുട്ടികൾ വിളിക്കുന്നതു്.

കുട്ടികളെ വളരെ കാര്യമാണവർക്കു്. അവർ കുട്ടികളെ വിളിച്ചിരുത്തി കഥകൾ പറയും; പാട്ടുപാടും.

സൂപ്രണ്ടമ്മ കുട്ടികളോടു് അടുത്തു പെരുമാറുന്നതു് മററു ജോലിക്കാർക്കിഷ്ടമില്ല. അവർ പിറുപിറുക്കുന്നതു ഗോപി കേട്ടിട്ടുണ്ടു്.

"ആ അമ്മ പിള്ളരെ വഷളാക്കും." കാക്കിയുടുപ്പിട്ട അവിടത്തെ ജോലിക്കാർ കുട്ടികളോടു ക്രൂരമായി പെരുമാറുന്നതിലാണു രസം. സൂപ്രണ്ടമ്മയോടു് അവർക്കെല്ലാം വിരോധമാണു്. പക്ഷെ, പേടിച്ചിട്ടു് ഒന്നും മിണ്ടില്ലെന്നു മാത്രം.

ഒരു കാര്യം ഗോപി ഓർത്തു. ഒരിയ്ക്കൽ ബാലമന്ദിരത്തിൽ ഒരദ്ധ്യാപകൻ ഒരു കുട്ടിയെ അടിച്ചു തുട പൊട്ടിച്ചു. അവൻ അടുത്തിരുന്ന കുട്ടിയുടെ പെൻസിലെടുത്തു പോലും ! കുററമതാണു്.

സൂപ്രണ്ടമ്മ വിവരം എങ്ങനെയോ അറിഞ്ഞു. അവരുടെ മുഖത്തെ പുഞ്ചിരി മാഞ്ഞു. അവർ അദ്ധ്യാപകനെ വരുത്തി ശകാരിച്ചു.

"നിങ്ങളുടെ കുട്ടിയാണെങ്കിൽ ഇതുപോലെ തല്ലുമോ ?" അവർ ചോദിച്ചു.

അദ്ധ്യാപകൻ ഒന്നും മിണ്ടാതെ നിന്നു പരുങ്ങുന്നതു് ജന്നലിന്നിടയിൽക്കൂടി ഗോപി കണ്ടു.

"കുട്ടികളോടു സ്നേഹത്തോടുകൂടി പെരുമാറണം ശങ്കരപ്പിള്ളേ ! മേലിൽ ഇത്തരം ശിക്ഷകൾ ഇതിനകത്തു പാടില്ല." സൂപ്രണ്ടമ്മ താക്കീതുകൊടുത്തു.

സ്നേഹമുള്ള ആ അമ്മയുടെ കാൽക്കൽവീണു് കെട്ടിപ്പിടിച്ചു് കരയണമെന്നു തോന്നി അവനു് !

രാമുവിന്റെ പ്രേരണ കൊണ്ടാണു് അവൻ ഒളിച്ചോടാൻ മുതിർന്നതു തന്നെ. പുറത്തുള്ള ലോകത്തിന്റെ നിറപ്പകിട്ടിനെപ്പററി രാമു വർണ്ണിക്കുന്നതു കേട്ടപ്പോൾ, എത്രയും നേരത്തെ പുറത്തു കടക്കണമെന്നു തോന്നി. തെണ്ടി നടന്നാൽ മേലനങ്ങാതെ മൂന്നും നാലും രൂപാ സമ്പാദിയ്ക്കാമെന്നാണു് രാമുവിന്റെ അഭിപ്രായം.

"നീയെന്റെ കൂടെപ്പോന്നാമതി. എനിക്കു പരിചയമുള്ള ഒരു ഹോട്ടലുണ്ടു്. അവിടെ എന്തെങ്കിലും ഒരു പണികിട്ടും. ഇഷ്ടം പോലെ സിനിമാ കാണാം; സർക്കീട്ടടിയ്ക്കാം......"രാമു പറഞ്ഞു.

അധികമൊന്നും ഗോപി ചിന്തിച്ചില്ല. മതിൽ ചാടി പുറത്തു കടന്നതും വാച്ചർ വന്നു പിടിച്ചതും ഒന്നിച്ചായിരുന്നു.

അവൻ സൂപ്രണ്ടമ്മയുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു.

കനത്ത ശിക്ഷ കിട്ടുമെന്നാണ് പ്രതീക്ഷിച്ചത്. എങ്കിൽ അവനു സങ്കടം തോന്നുകയില്ലായിരുന്നു. പക്ഷേ... അവരുടെ സ്നേഹം നിറഞ്ഞ പെരുമാററമാണ് അവനെ വിഷമിപ്പിച്ചത്.

"നീയെന്തിനാ കുട്ടീ മതില് ചാടിയത് ? കയ്യോ കാലോ മറേറാ ഒടിഞ്ഞെങ്കിലോ ?"

അവർ വാത്സല്യത്തോടുകൂടി അവന്റെ പുറം തലോടി. "നിന്നെയാരെങ്കിലും ഉപദ്രവിച്ചോ ?" അവർ തിരക്കി.

"ഇല്ല." അവൻ പറഞ്ഞു.

"എങ്കിലും നീയിതു ചെയ്യുമെന്നു ഞാൻ കരുതിയില്ല."

ഗോപി തരിച്ചു നിന്നു പോയി! ........................

ബെല്ലടിക്കുന്ന ശബ്ദമാണ് അവനെ ചിന്തയിൽ നിന്നു ണർത്തിയത്. അവൻ തിരിച്ചു നടന്നു...

# രണ്ട്

ഗോപി കാലത്തെ കുളിക്കാൻ ചെന്നപ്പോഴാണ് പുതിയൊരു കുട്ടിയെ കണ്ടുമുട്ടിയത്. അവനേക്കാൾ രണ്ടോ, മൂന്നോ വയസ്സിനിളപ്പമാണ്.

നല്ല ചന്തമുള്ള മുഖം; പാറിപ്പറക്കുന്ന മുടികൾ; പ്രകാശമുള്ള കണ്ണുകൾ. അവനു വല്ലാത്തൊരു പകപ്പുണ്ട്. എല്ലാവരും അപരിചിതരായതു കൊണ്ടാകും. ചുററുപാടുമായി ഇണങ്ങിച്ചേരുവാൻ നാലോ അഞ്ചോ ദിവസങ്ങൾ വേണ്ടിവരും.

താൻ ബാല മന്ദിരത്തിൽ വന്ന ദിവസത്തെക്കുറിച്ച് ഗോപി ഓർത്തു.

എന്തു പേടിയായിരുന്നു അന്ന്! തടിയന്മാരായ കുട്ടികൾ അടുത്തു വന്നാൽ താൻ ഒഴിഞ്ഞു മാറിയിരുന്നു. ഒരിയ്ക്കൽ ഒരുത്തൻ ചോദിച്ചു.

"എന്തെടാ, നീ ഒഴിഞ്ഞു മാറുന്നത്? ഞങ്ങൾ കാട്ടുമൃഗങ്ങളല്ല; പിടിച്ചു തിന്നുകയും മററുമില്ല."

പറഞ്ഞു തീർന്നപ്പോഴേയ്ക്കും എല്ലാവരും കൂടി ഒററച്ചിരി! കുസൃതികളായ പലരും അവന്റെ തലയ്ക്കു കിഴുക്കി. പക്ഷേ രണ്ടു ദിവസത്തേയ്ക്കേ ഉണ്ടായുള്ളു പേടിയും പരിഭ്രമവും.

ഗോപി ആ കുട്ടിയെ ശ്രദ്ധിച്ചു. അവൻ ആരുടേയും മുഖത്തു നോക്കാതെ കുനിക്കൂടി നിൽക്കുകയാണ്. ഗോപി അവന്റെ അടുത്തെത്തി ചോദിച്ചു.

"കുട്ടി എന്നു വന്നു? "

"ഇന്നലെ രാത്രി."

"പേരെന്താ? "

"കുട്ടൻ"

"നാടെവിടെയാണു്? "

അവൻ ഒരു നാടിന്റെ പേരു പറഞ്ഞു.

"അമ്മയില്ലേ? "

"ഇല്ല." അതു പറയുമ്പോൾ അവന്റെ തൊണ്ടയിടറിയിരുന്നു.

"അച്ഛനോ ?"

" അച്ഛനുണ്ടു് ; പക്ഷേ...." അവൻ അവിടെ നിറുത്തി.

"കുട്ടൻ എങ്ങനെയാ ഇവിടെ വന്നു പെട്ടതു്? "

കുട്ടൻ അച്ഛന്റെ കഥ ചുരുക്കിപ്പറഞ്ഞു.

അമ്മ മരിച്ചതോടെ അവനു് ആരുമില്ലാതായി. അച്ഛൻ രണ്ടാമതും കല്യാണം കഴിച്ചു. ചെറിയമ്മ അവനെ വീട്ടിൽ നിന്നു് തല്ലിയിറക്കി. അവൻ കണ്ട വഴിയേ തെണ്ടിത്തിരിഞ്ഞു നടന്നു ; പട്ടിണി കിടന്നു. അവസാനം പട്ടണത്തിലെത്തി. പോലീസ് പിടിച്ചു് ബാലമന്ദിരത്തിലാക്കി.

കുട്ടന്റെ കഥ കേട്ടപ്പോൾ ഗോപിക്ക സഹതാപം തോന്നി.

"കുട്ടൻ സ്കൂളിപ്പോയിട്ടുണ്ടോ ?"

"ഉണ്ടു്."

"എത്ര ക്ലാസ്സുവരെ പഠിച്ചു ?"

"നാലുവരെ."

മററു കുട്ടികൾ അവരുടെ സംഭാഷണം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

"ഗോപിക്കു് ഒരു കൂട്ടുകാരനെക്കിട്ടീല്ലോ!"

ഉണ്ടക്കണ്ണൻ രാമു പരിഹാസസ്വരത്തിൽ പറഞ്ഞു.

ഗോപി മിണ്ടിയില്ല.

"കള്ളനാ; വിശ്വസിക്കാൻ കൊള്ളില്ല." രാമു പറഞ്ഞു.

"എന്നാലും നിന്നേക്കാൾ ഭേദമായിരിക്കും." ഗോപി തിരിച്ചടിച്ചു.

മതില് ചാടാൻ തന്നെ പ്രേരിപ്പിച്ചു് മാറിക്കളഞ്ഞവനാണു് രാമു. അവനെ വിശ്വസിക്കാൻ പററില്ല.

കുട്ടനായി, ഗോപിയുടെ ഏററവും അടുത്ത ചങ്ങാതി. വിശ്രമസമയങ്ങളിലൊക്കെ അവർ മതിലിന്നരികിലുള്ള വേപ്പുമരത്തിന്റെ ചുവട്ടിൽക്കൂടും. നൂറുകൂട്ടം കാര്യങ്ങൾ പരസ്പരം പറയാനുണ്ടാവും.

കുട്ടനു് നല്ലനല്ല കഥകളറിയാം. എല്ലാം മുത്തശ്ശി പഠിപ്പിച്ചതാണു്. പിന്നെ ക്ലാസ്സിൽ അദ്ധ്യാപകന്മാർ പറഞ്ഞുകൊടുത്തിരുന്ന കഥകൾ.........

മുത്തശ്ശി കഥ പറയുമ്പോൾ കുട്ടൻ മൂളിമൂളി കേൾക്കും. കഥ പറയുമ്പോൾ മൂളണമെന്നു് മുത്തശ്ശിക്കു നിർബന്ധമാണു്. മിക്ക രാത്രികളിലും കഥ കേട്ടുകൊണ്ടായിരിക്കും കുട്ടനുറങ്ങുക.

ഗോപിക്കു ചെറുപ്പത്തിൽ കഥ പറഞ്ഞു കൊടുക്കാൻ ആരുമില്ലായിരുന്നു. സ്വന്തമായി അമ്മയെ മാത്രമേ അവൻ കണ്ടതായിട്ടോർക്കുന്നുള്ളൂ.

അമ്മ അവന്റെ കൈക്കു പിടിച്ചു തെണ്ടാനിറങ്ങും. നൂറുപടി തെണ്ടിയാലേ എന്തെങ്കിലും കിട്ടൂ. അന്തിയാകുമ്പോൾ

വല്ല പീടികത്തിണ്ണയിലും കേറി കിടക്കും. അമ്മ അവനെ മാറോടടക്കിപ്പിടിച്ചിരിക്കും.

രാത്രിയിൽ പലപ്പോഴും അമ്മ വിതുമ്പി വിതുമ്പിക്കരയുന്നതവൻ കേട്ടിട്ടുണ്ട്.

അവൻെറ ജീവിതത്തെ പിടിച്ചു കുലുക്കിയ ആ സംഭവമുണ്ടായതു നാലു കൊല്ലം മുമ്പാണ്. അന്ന് അവന് ഏഴു വയസ്സുണ്ട്.

ഒരു രാത്രി അമ്മ എഴുന്നേററിരുന്ന് പിച്ചും പേയും പറയുകയായിരുന്നു. പിന്നീട് കിടന്നതു് എപ്പോഴെന്ന് അറിഞ്ഞുകൂടാ. നേരം വെളുത്തിട്ടും അമ്മ എഴുന്നേററില്ല. അവൻ അമ്മയുടെ ദേഹത്തു തൊട്ടുനോക്കി. തീ പോലെ പൊള്ളുന്നു.

ഗോപി ഉറക്കെ നിലവിളിച്ചു. ആളുകൾ ഓടിക്കൂടി. പലരും അറച്ചു നിന്നു.

രണ്ടു മൂന്നു തൊഴിലാളികളും കിട്ടു മൂപ്പനും കൂടിയാണ് അമ്മയെ ആശുപത്രിയിൽ എത്തിച്ചതു്...

ബഹളത്തിനിടയിൽ അവനെ ആരും ശ്രദ്ധിച്ചില്ല.

ഡോക്ടർ അമ്മയെ പരിശോധിച്ച് കുത്തി വെച്ചു. ഗോപി അമ്മയുടെ തലയ്ക്കൽത്തന്നെയിരുന്നു.

അവൻെറ തോളത്താരോ തൊട്ടതായിത്തോന്നി. കണ്ണുകൾ ഉയർത്തി നോക്കി. കിട്ടുമൂപ്പൻ !

ആദ്യമൊക്കെ കിട്ടു മൂപ്പനെ അവനു പേടിയായിരുന്നു. മസൂരിക്കല നിറഞ്ഞ മുഖം. ചുവന്ന വട്ടക്കണ്ണുകൾ. ഒരു കാലില്ല. മുട്ടിനു മേലെ വെച്ച് മുറിച്ചു കളഞ്ഞിരുന്നു. ജട പിടിച്ച തല കണ്ടാൽത്തന്നെ പേടിയാവും.

"വാ മോനേ! " കിട്ടു മൂപ്പൻ വിളിച്ചു.

കിട്ടു മൂപ്പന്റെ പിമ്പേ അവൻ നടന്നു; ഒരു പാവയെ പ്പോലെ. അമ്മയെക്കുറിച്ചുള്ള ചിന്തയായിരുന്നു അവന്റെ മന സ്സിൽ. ചെന്നു കയറിയതു് ഒരു ചായക്കടയിലാണു്.

"ഒരു ചായ ഈ കൊച്ചനു കൊടു്; എന്തെങ്കിലും തിന്നാനും." മൂപ്പൻ പറഞ്ഞു.

മുമ്പിൽ കൊണ്ടുവന്നുവെച്ച ഇഡ്ഡലിയും ചായയും അവൻ കഴിച്ചില്ല. നല്ല വിശപ്പുണ്ടായിരുന്നു. പക്ഷെ അമ്മയുടെ കാര്യ മോത്തപ്പോൾ ഒന്നും കഴിക്കാൻ തോന്നിയില്ല.

അതിനുമുമ്പു തോന്നാത്ത ആദരം തോന്നി കിട്ടു മൂപ്പ നോടു്.

ആശുപത്രിയിൽച്ചെന്നതിന്റെ മൂന്നാം ദിവസം അമ്മ മരിച്ചു. കിട്ടു മൂപ്പൻ അടുത്തു തന്നെയുണ്ടായിരുന്നു. അവൻ ബോധം കെട്ടു വീണുപോയി.

ഗോപി കിട്ടു മൂപ്പന്റെ പുറകേക്കൂടി തെണ്ടിക്കിട്ടുന്ന തിൽ നിന്നു് ഒരു ഭാഗം അവനും കൊടുക്കും

പരിസരത്തിലുള്ള യാചകരുടെനേതാവാണു് കിട്ടുമൂപ്പൻ. അയാൾക്കു ഭാര്യയില്ല. മക്കളില്ല. ബന്ധപ്പെട്ടവരാരുമില്ല.

കിട്ടു മൂപ്പൻ ഒരു കമ്പനിത്തൊഴിലാളിയായിരുന്നു. ജോലി ചെയ്യുമ്പോൾ യന്ത്രത്തിൽപ്പെട്ടു് ഒരു കാൽ നഷ്ടപ്പെട്ടു. ഒരു കയ്യിനു ചതവും പററി. നാലഞ്ചു മാസം ആശുപത്രിയിൽ കിടന്നു.

ആശുപത്രി വിട്ടു ഉടനെ കമ്പനിയുടമയെപ്പോയിക്കണ്ടു. ഉടമ കൈ മലത്തി.

"മുതലാളി സഹായിക്കണം; എനിക്കാരുമില്ല " മൂപ്പൻ യാചിച്ചു.

പക്ഷേ മുതലാളിയുടെ കരളലിഞ്ഞില്ല. അയാൾ പത്തു രൂപയെടുത്തു നീട്ടിയിട്ടു പറഞ്ഞു:

"നിന്നെ ചികിത്സിച്ചതിന് എനിക്കു് എത്ര രൂപ ചെലവായെന്നറിയാമോ ? അതാരു തരും ?"

കിട്ടു മൂപ്പൻ ആ രൂപ വാങ്ങിയില്ല.

"മുതലാളിക്കു ബുദ്ധിമുട്ടാണെങ്കിൽ അതങ്ങു വെച്ചേരേ." അയാൾ തിരിച്ചു നടന്നു.

മൂപ്പനു് ഉള്ളിൽ വല്ലാത്ത കോപം തോന്നി. കാലിനും കയ്യിനും സ്വാധീനമില്ലാത്ത തന്നെ ആർക്കും ആവശ്യമില്ലെന്നു് അയാൾക്കു മനസ്സിലായി. അന്നു മുതൽ അയാൾ ഒരു യാചകനായി.

അയാളോടു ചിലരെല്ലാം ചോദിച്ചു: "തനിക്കു് ആരോഗ്യമുണ്ടല്ലോ; എന്തെങ്കിലും പണി ചെയ്തുകൂടെ ? "

"എന്നാ എന്തെങ്കിലും പണി താ സാറേ ! സംറിനിഷ്ടമുള്ള ശമ്പളം തന്നാൽ മതി. " അയാൾ പറഞ്ഞു.

പക്ഷേ, അയാൾക്കു പണി കൊടുക്കാനാരുമുണ്ടായില്ല.

ആരെക്കണ്ടാലും കിട്ടു മൂപ്പൻ കൈ നീട്ടിത്തൊഴും; പുഞ്ചിരിയോടെ ചോദിക്കും:

"സാറേ, പത്തു പൈസ! "

ആരെങ്കിലും കൊടുത്താൽ രണ്ടു കയ്യും നീട്ടി സന്തോഷത്തോടെ വാങ്ങും. കൊടുത്തില്ലെങ്കിൽ ഒരു ഭാവഭേദവും കൂടാതെ മുന്നോട്ടു നീങ്ങും. മുടങ്ങാതെ സിനിമ കാണും കിട്ടുമൂപ്പൻ. രാത്രി വല്ല പീടികത്തിണ്ണയിലും കിടന്നു കൊണ്ടു് അയാൾ സിനിമാപ്പാട്ടുകൾ മൂളും. മൂളിമൂളിയുറങ്ങും!

തെണ്ടികൾക്ക് എന്തെങ്കിലും അവശതയുണ്ടായാൽ കിട്ടു മൂപ്പൻ അവിടെ ഓടിയെത്തും. അവശരെ സഹായിക്കാൻ അയാൾക്കൊരു പ്രത്യേക താല്പര്യമാണ്.

കിട്ടു മൂപ്പൻ അരികെ ഇല്ലാതിരുന്ന അവസരത്തിലാണ് ഗോപിയെ പോലീസ് പിടിച്ചത്. അവൻ അഞ്ചെട്ടു തെണ്ടിപ്പിള്ളരുമൊത്ത് ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുകയായിരുന്നു.

പോലീസിന്റെ തൊപ്പി കണ്ടതോടെ പലരും പല വഴിയ്ക്കോടിക്കളഞ്ഞു. ഗോപിയും മണിയനും മാത്രം അവരുടെ പിടിയിൽ പെട്ടു.

കിട്ടു മൂപ്പനുണ്ടായിരുന്നെങ്കിൽ അവരെ രക്ഷപ്പെടുത്തുമായിരുന്നു. ഒരു പക്ഷേ അയാൾ വിവരമറിഞ്ഞു സങ്കടപ്പെട്ടിരിക്കുമോ ? ഗോപി ആലോചിച്ചു.

ബാലമന്ദിരത്തിൽ വന്നതിന്റെ പന്ത്രണ്ടാം ദിവസം മണിയൻ ചാടിപ്പോയി. അവൻ റോഡിൽ കൂടി പോകാറുണ്ടോ ഗോപി നോക്കാറുണ്ട്; പക്ഷേ അവനെ ഇതുവരെ കണ്ടിട്ടില്ല.

രാമു മതിലു ചാടുവാൻ പ്രേരിപ്പിച്ചപ്പോൾ അവൻ സമ്മതിച്ചതു തന്നെ മണിയനേയും കിട്ടു മൂപ്പനേയും കാണാമല്ലോ എന്നോർത്തിട്ടാണ്.

മണിയൻ എവിടെയായിരിക്കും ? ഗോപി ആലോചിക്കാറുണ്ട്. ഒരു പക്ഷേ വളരെ അകലെ വല്ല പട്ടണത്തിന്റെ തിരക്കിലും പെട്ട് കഴിയുകയാകാം ചിലപ്പോൾ വീണ്ടും പോലീസിന്റെ പിടിയിൽപ്പെട്ട് ഏതെങ്കിലും ബാലമന്ദിരത്തിൽ ചെന്നു പെട്ടിരിക്കാം.

ബാലമന്ദിരവുമായി ഇണങ്ങിച്ചേരുവാൻ അവൻ മനഃപൂർവ്വം ശ്രമിച്ചു. എങ്കിലും ഇടയ്ക്കിടക്കു പുറത്തു കടക്കാനുള്ള ആഗ്രഹം അവനെ അലട്ടാറുണ്ടു്. പക്ഷേ സൂപ്രണ്ടമ്മയെക്കുറിച്ചോർക്കുമ്പോൾ അവൻ ആ വിചാരം ഉപേക്ഷിയ്ക്കും.

കുട്ടൻ വന്നതിൽപ്പിന്നെ ഗോപിക്കു കുറച്ചു കൂടി ആശ്വാസമായി. കുട്ടനെ സ്വന്തം അനുജനെപ്പോലെ അവൻ കണക്കാക്കി.

MUNAVIRUL ISLAM HIGH SCHOOL.
Date.....................
ERNAKULAM.

# മൂന്ന്

ഗോപി മുറിയിൽക്കിടന്ന് ഒന്നു മയങ്ങിപ്പോയി. വലിയൊരു ശബ്ദം കേട്ട് അവൻ ഞെട്ടിയുണൎന്നു. കിഴക്കു വശത്തെ മാവിൻ ചോട്ടിൽ നിന്നൊരു ബഹളം. അവൻ എഴുന്നേററ് ഓടിച്ചെന്നു.

കുട്ടൻ കരഞ്ഞു കൊണ്ടു നിൽക്കുന്നു. അവന്റെ നെററിയിൽ നിന്ന് ചോരയൊലിക്കുന്നുണ്ട്. കുട്ടികളും ചുററും കൂടിയിട്ടുണ്ട്. ചിലക്ക് അമ്പരപ്പാണ്; മററു ചിലക്കു പരിഹാസവും!

"നിനക്കെന്തു പററി കുട്ടാ ?" ഗോപി കുട്ടന്റെ തോളിൽ തട്ടിക്കൊണ്ടു ചോദിച്ചു.

"രാമു എന്നെ കല്ലു വലിച്ചെറിഞ്ഞു." അവൻ വിക്കി വിക്കിപ്പറഞ്ഞു.

ഗോപിക്കു് സ്വയം നിയന്ത്രിക്കാൻ പററിയില്ല. അവൻ പുലിക്കുട്ടിയെപ്പോലെ ഒരൊററച്ചാട്ടം. രാമുവിന്റെ കഴുത്തിനു തന്നെ പിടിച്ചു.

"നീ കുട്ടനെ കല്ലെറിഞ്ഞോടാ ?" ഗോപി അവന്റെ പിടി മുറുക്കി.

രാമു കുതറി നോക്കി. പക്ഷേ ഗോപിയുടെ പിടിയിൽ നിന്ന് രക്ഷപ്പെടുവാൻ പററിയില്ല.

ഗോപി അവനെ നിലത്തു വീഴ്ത്തി. അവൻെറ നെഞ്ചിൽ കയറിയിരുന്നു. ആരിശം തീരുന്നതുവരെ അടിച്ചു.

"നീയിനി കുട്ടനെ തൊട്ടമോടാ ?"

"ഇല്ല!"

"സത്യം—"

"സത്യം!"

ആ രംഗം അങ്ങനെ അവസാനിച്ചു. ബാലമന്ദിരത്തിലെ കുട്ടികഠം അവനെ നേതാവായി അംഗീകരിച്ചതു് അന്നുമുതലാണു്.

ഗോപി കുട്ടൻെറ നെററിയിലെ ചോര തുടച്ചു കളഞ്ഞിട്ടു പറഞ്ഞു:

"സാരമില്ല കുട്ടാ ! ഇനി അവൻ നിന്നെ ഉപദ്രവിക്കില്ല."

ബാല മന്ദിരത്തിനുള്ളിൽത്തന്നെ വിദ്യാലയമുണ്ടു്. പത്തു ക്ലാസ്സുവരെയുള്ള വിദ്യാലയം. കുട്ടികളുടെ അറിവനുസരിച്ചു് ഓരോ ക്ലാസ്സിലും ചേർത്തു പഠിപ്പിക്കുന്നു. അതിനു പുറമേ തൊഴിൽ പരിശീലനവും നൽകുന്നു.

മുണ്ടുനെയ്ത്തു്, മരപ്പണി, കൊത്തുപണി, അച്ചടി, കളിക്കോപ്പു നിർമ്മാണം, തുന്നൽ മുതലായ തൊഴിലുകഠം ഓരോരുത്തരുടേയും വാസനയനുസരിച്ചു ചെയ്യാം. അതിൽ നിന്നു് കിട്ടുന്ന ആദായം ബാലമന്ദിരം വിടുമ്പോഠം അവക്കു തന്നെ കിട്ടും.

ഇടയ്ക്കിടെ കലാപരിപാടികളുമുണ്ടു്. കുട്ടികഠം എഴുതിയ നാടകങ്ങഠം കുട്ടികഠം തന്നെ അവതരിപ്പിക്കും. കുട്ടികഠം രചിച്ചു ഗാനങ്ങഠം അവർ തന്നെ പാടും.

ഗോപിയും കുട്ടനും കൊത്തുപണിയാണ് തിരഞ്ഞെടുത്തതു്. അതിൽ അവർ കാട്ടിയ സാമർത്ഥ്യം അദ്ധ്യാപകരെപ്പോലും അൽഭുതപ്പെടുത്തി.

കുട്ടൻ ഭംഗിയായി പാടും. പാട്ടു പാടിക്കൊണ്ടിരിക്കുമ്പോൾ ചുററും നടക്കുന്നതൊന്നും അവൻ അറിയില്ല. അവൻ കണ്ണുകൾ മുറുകെയടച്ചു് പാട്ടിൽത്തന്നെ ലയിച്ചിരുന്നുപോകും.

ഗോപിക്കു് കുട്ടൻെറ പാട്ടു് വളരെ ഇഷ്ടമാണു്. അമ്മയുടെ വേദനയെപ്പററി ഒരു പാട്ടുണ്ടു്. അതു കുട്ടൻ പാടുന്നതു കേട്ടാൽ ഗോപിക്കു കരച്ചിൽ വരും. മനസ്സിനെ അലിയിക്കുന്ന ഗാനം!

ഒരു ദിവസം സൂപ്രണ്ടമ്മ ഗോപിയെ അവരുടെ മുറിയിലേയ്ക്കു വിളിപ്പിച്ചു. തെല്ലൊരു ഭയത്തോടുകൂടിയാണു് അവൻ കയറിച്ചെന്നതു്. അവൻ അവരുടെ മുമ്പിൽ കയ്യും കെട്ടി നിന്നു എന്തിനായിരിക്കും തന്നെ വിളിപ്പിച്ചതു് ? അവൻ ആലോചിച്ചു.

"ഇപ്പോൾ ചാടിപ്പോകണമെന്നൊന്നും തോന്നാറില്ലേ ഗോപി ?" അവർ അവനെ കളിയാക്കുന്ന മട്ടിൽ ചോദിച്ചു.

" ഇല്ല. "

"അപ്പോൾ ഇവിടത്തെ ജീവിതം ഇഷ്ടമായി ?"

"ഉവ്വു്. "

" മിടുക്കനായിട്ടു വളരണം. ഇവിടെ നിന്നു പുറത്തു പോയാൽ അന്യനെ ആശ്രയിക്കാതെ ജീവിയ്ക്കാറാകണം. അതാണു് ഞങ്ങളുടെ ഉദ്ദേശ്യം. ആട്ടെ, കൊത്തുപണിയെല്ലാം ഒരുവിധം പഠിച്ചോ ?"

" ഉവ്വു്. "

" കിഴക്കേ പുറത്തെ ചുമരിൽ ആരാണ് കരി കൊണ്ടു വരച്ചതു് ? "

പെട്ടെന്നായിരുന്നു സുബ്രഹ്മണ്യമ്മയുടെ ചോദ്യം.

ഗോപി കുറച്ചൊന്നമ്പരന്നു. എന്തു പറയണം ? പടം വരച്ചതു് അവൻ തന്നെയാണ്. വരച്ചുകഴിഞ്ഞപ്പോഠം അതു തെററായിപ്പോയെന്നു തോന്നി. സുബ്രഹ്മണ്യമ്മയോടു കളവു പറയാൻ വയ്യ.

" ഞാനാണ് വരച്ചതു്. " അവൻ പറഞ്ഞു.

" നീ ഭയപ്പെടേണ്ട. " അവൻെറ അമ്പരപ്പു കണ്ടപ്പോഠം അവർ പറഞ്ഞു: "പടം ജോറായിട്ടുണ്ടു്; നിന്നെ അഭിനന്ദിക്കാനാണ് വിളിച്ചതു്. "

ഗോപിക്കു് ആനന്ദം കൊണ്ടു മിണ്ടാൻ വയ്യാതായി. വെള്ളപൂശിയ ചുമർ കണ്ടപ്പോഠം അവനിലെ കലാവാസന കുതിച്ചു ചാടി; അതാണ് ആനയുടെ ചിത്രമായി രൂപം കൊണ്ടതു്. അവൻ മുഴുവൻ ശ്രദ്ധയും കലർത്തി വരച്ചു. വരകഴിഞ്ഞപ്പോഴാണ് ചുമർ വൃത്തികേടായ കാര്യം ഓർത്തതു്. മാച്ചു കളയാൻ മുതിർന്നതാണ്. പക്ഷേ മനസ്സ് അനുവദിച്ചില്ല.

"നീ ഇതിനു മുമ്പു് ചിത്രം വരയ്ക്കാറുണ്ടോ ?" സുബ്രഹ്മണ്യമ്മ ചോദിച്ചു.

"ചിലപ്പോഴെല്ലാം "

"ഇനി ധാരാളം വരയ്ക്കണം."

അവർ മേശ വലിപ്പിൽ നിന്നു് കുറെ കടലാസ്സും ചായപ്പെൻസിലുകഠം നിറഞ്ഞ ഒരു പെട്ടിയും അവനു സമ്മാനിച്ചു.

"നിൻെറ ഇഷ്ടം പോലുള്ള ചിത്രങ്ങഠം വരച്ചോളൂ; ഇടയ്ക്കിടക്കു് എന്നെ കാണിക്കണം."

പുറത്തു വന്നപ്പോഠം ഒരു മഹാരാജ്യം പിടിച്ചടക്കിയ സംതൃപ്തി തോന്നി അവനു്. ജീവിതം ആനന്ദം നിറഞ്ഞതാണെന്നു് അവൻ വിശ്വസിച്ചു.

അവിടന്നങ്ങോട്ട് വല്ലാത്ത ഒരാവേശമായിരുന്നു. കണ്ടതും കേട്ടതുമെല്ലാം ചിത്രത്തിലാക്കാനുള്ള ആവേശം.

ചിത്രരചനയിൽ മുഴുകിയിരിക്കുമ്പോൾ മറ്റെല്ലാം അവൻ മറക്കും. പ്രകൃതിയെ മുഴുവൻ കടലാസ്സിലേക്കു പകർത്താൻ അവൻ ആഗ്രഹിച്ചു. ഓർമ്മയുടെ ആഴങ്ങളിൽ കിടന്നിരുന്ന പല ദൃശ്യങ്ങളും തൂലികത്തുമ്പിലൂടെ ഒഴുകിത്തുടങ്ങി.

അവൻ വരച്ച ചിത്രങ്ങളിൽ അവന്റെ ആത്മാവ് തുടിച്ചിരുന്നു.

ഗോപി നല്ലൊരു ചിത്രകാരനാണെന്ന് ബാലമന്ദിരത്തിൽ എല്ലാവരും അറിഞ്ഞു. സൂപ്രണ്ടമ്മയുടെ ചുണ്ടുകളിൽ നിന്നാണ് ആ വിവരം പുറത്തു വന്നത്.

ഒരു മീററിങ്ങിൽ വെച്ച് അവർ അവനെ പുകഴ്ത്തിപ്പറഞ്ഞു. നല്ലൊരു ചിത്രകാരൻ ഗോപിയിൽ ഉറങ്ങിക്കിടക്കുന്നുണ്ടെന്ന് അവർ പറഞ്ഞപ്പോൾ, എല്ലാ കണ്ണുകളും അവനിലേക്കു തിരിഞ്ഞു. അവൻ കോരിത്തരിച്ചു നിന്നുപോയി. അവന്റെ ഹൃദയം അഭിമാനത്താൽ നിറഞ്ഞു.

ഗോപി ഒന്നാംതരം ഒരു നടൻ കൂടിയാണെന്ന് ഒരിയ്ക്കൽ അവൻ തെളിയിച്ചു.

കുട്ടികൾ തന്നെ എഴുതിയ ഒരു നാടകം അവർ അഭിനയിച്ചു. അതിൽ അനാഥനായ ഒരു ബാലന്റെ ഭാഗമായിരുന്നു ഗോപിക്ക്. അവന്റെ അഭിനയം കണ്ട് കാണികൾ കരഞ്ഞുപോയി.

കുട്ടന്റെ പാട്ടുകളും ഗോപിയുടെ അഭിനയവും ആയാൽ നാടകം അരങ്ങു തകർക്കും.

രാമു കോമിക്കുകാരനാണ്. അവൻ രംഗത്തു വന്നാൽ ചിരിയ്ക്കാത്തവനും ചിരിച്ചു പോകും.

## നാല്

ഒരു ദിവസം സൂപ്രണ്ടമ്മ ഗോപിയെ വിളിച്ചു ചോദിച്ചു:

" ഗോപീ, നിനക്കു ഡ്രായിങ് പഠിച്ചാൽ കൊള്ളാമെന്നുണ്ടോ ?"

" ഉണ്ട്. " അവൻ പറഞ്ഞു

" എന്നാൽ നാളെത്തൊട്ട്, നാലുമണി കഴിഞ്ഞു് രണ്ടു മണിക്കൂർ നിനക്കു ചിത്രരചന പഠിക്കാം. ഇവിടന്നു് ഒരു മൈൽ പോയാൽ ഒരു ചിത്രാലയമുണ്ട്. അവിടെ ഞാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്."

ഗോപിയുടെ ഹൃദയം നന്ദികൊണ്ടു നിറഞ്ഞു.

ബാലമന്ദിരത്തിൽ വന്നതിനു ശേഷം ബാഹ്യലോകവുമായുള്ള ബന്ധം അററിരിക്കുകയായിരുന്നു. വല്ലപ്പോഴുമൊന്നു പുറത്തു പോകയാണെങ്കിൽ കൂടെ ആരെങ്കിലുമുണ്ടാകും. കൃത്യസമയം കൊണ്ടു് മടങ്ങിയെത്തുകയും വേണം. പുറത്തുപോകാൻ പുതിയൊരവസരമാണിപ്പോൾ സിദ്ധിച്ചിരിക്കുന്നതു്.

അന്നു രാത്രി അവൻ ഉറങ്ങിയില്ല. ചിത്രാലയത്തെക്കുറിച്ചുള്ള ചിന്തകളായിരുന്നു മനസ്സിൽ. എന്തെല്ലാം ചിത്രങ്ങളായിരിക്കും അതിനുള്ളിൽ ഉണ്ടാവുക ? വർണ്ണപ്പകിട്ടാന്ന ആ പുതിയ ലോകത്തിൻെറ ഏകദേശരൂപം അവൻ മനസ്സിൽ വരച്ചു വെച്ചു.

നേരം വെളുത്തിട്ടും അവനു മറെറാന്നിലും ശ്രദ്ധിക്കാൻ പററിയില്ല.

ക്ലാസ്സിൽ ചിന്തിച്ചു കൊണ്ടിരുന്ന ഗോപിയുടെ അടുത്തു ചെന്നു് സുകുമാരൻസാർ ചോദിച്ചു:

"ഗോപി ഈ ലോകത്തല്ലെന്നു തോന്നുന്നു. എന്തുപററി നിനക്കു് ?"

"ഒന്നുമില്ല സാർ" അവൻ പറഞ്ഞു.

നാലു മണിയാകാൻ അവനു തിടുക്കമായി.

സ്കൂൾ വിട്ടപ്പോൾ സുപ്രണ്ടമ്മ അവനെ വിളിച്ചു പറഞ്ഞു.

"നീ കാപ്പികുടിച്ചിട്ടു് എന്റെ താമസസ്ഥലത്തേക്കു വാ."

കാപ്പി കുടി കഴിഞ്ഞു് ഗോപി ഓടിക്കിതച്ചു് സുപ്രണ്ടമ്മയുടെ താമസസ്ഥലത്തെത്തി. സുകുമാരൻ സാറുമുണ്ടായിരുന്നു അവിടെ.

സുപ്രണ്ടമ്മ പറഞ്ഞു.

"നീ സുകുമാരൻ സാറിൻെറ കൂടെ ചെല്ലു്. ഇടക്കു് ചാടിപ്പോകരുതു്; കേട്ടോ."

"ഇല്ല."

സുകുമാരൻ സാറിൻെറ കൂടെ അവൻ നടന്നു.

സാറു പറഞ്ഞു.

"ഗോപീ, വഴിയെല്ലാം നോക്കി മനസ്സിലാക്കിക്കോ. നാളെത്തൊട്ടു് നീ തനിയേ പോകേണ്ടിവരും."

വഴിയ്ക്കു കണ്ട ക്ഷേത്രങ്ങളെക്കുറിച്ചും വീടുകളെക്കുറിച്ചും സാറ പറഞ്ഞു മനസ്സിലാക്കി.

എട്ടാം ക്ലാസ്സിൽ അവനെ മലയാളം പഠിപ്പിക്കുന്നതു് സുകുമാരൻ സാറാണു്. വെളുത്തു് സുന്ദരനായ സാറ് കുട്ടികളോടു് സ്നേഹമായേ പെരുമാറൂ. ഹെഡ്മാസ്റ്റർ സാറിനെപ്പോലെ ഗൗരവക്കാരനല്ല. ഒഴിവു സമയങ്ങളിൽ നല്ല കഥകൾ വായിച്ചു കേൾപ്പിക്കും. ശാസ്ത്രത്തിന്റെ വളർച്ചയെപ്പററി പറയും. ചന്ദ്രനേയും ചൊവ്വയേയും പററി വിവരിക്കും. കഥ പറയാൻ സാറിനു് എന്തൊരു സാമർത്ഥ്യമാണു്!

ചിത്രാലയം അവനു് ഒരു പുതിയ ലോകമായിരുന്നു. അതിനുമുമ്പു കാണാത്ത ലോകം.

വിശാലമായ ഹാൾ. പത്തു നൂറ കുട്ടികൾക്കു് ഇരിക്കാൻ സൗകര്യമുണ്ടു്. ചുമരുകൾ നിറയെ ചിത്രങ്ങളാണു്. മനുഷ്യരുടേയും ജീവികളുടേയും പ്രകൃതിയുടേയും ചിത്രങ്ങൾ. കുട്ടികൾക്കു വരയ്ക്കാനുള്ള മാതൃകകൾ നിരത്തി വെച്ചിരിക്കുന്നു.

അൻപതു വയസ്സു തോന്നിക്കുന്ന ഒരു മാന്യനാണു് അവിടത്തെ അദ്ധ്യാപകൻ. ആർട്ടിസ്റ്റ് മാധവപ്പണിക്കർ. ആരെയും ആകർഷിക്കുന്ന വ്യക്തി.

മാധവപ്പണിക്കർ ഗോപിയോടു് പല വിവരങ്ങളും ചോദിച്ചു മനസ്സിലാക്കി. അവന്റെ വിനയവും ചിത്രകലയിലുള്ള താത്പര്യവും പണിക്കർക്കിഷ്ടമായി.

"ഉത്സാഹിച്ചു പഠിച്ചാൽ ഒന്നുരണ്ടു കൊല്ലം കൊണ്ടു് നിനക്കു് നല്ല ചിത്രകാരനാകാം." അദ്ദേഹം ഉപദേശിച്ചു.

# അഞ്ച്

മാധവപ്പണിക്കരുടെ കണ്ണിലുണ്ണിയായി ഗോപി. ഒററ പ്രാവശ്യം പറഞ്ഞുകൊടുത്താൽ മതി അവൻ ശ്രദ്ധിച്ചു മനസ്സിലാക്കും.

ചിത്രകലയിലെ ശാസ്ത്രീയ രീതികൾ അവൻ വശമാക്കി. ധാരാളം പുതിയ ചങ്ങാതിമാരെ അവനു കിട്ടി. വലിയ ആളുകളുടെ മക്കൾ. കൂട്ടുകാരിൽ പലരും അവനെ ക്ഷണിക്കാറുണ്ട്.

"വീട്ടിലേയ്ക്കു വരൂ ഗോപി."

"ഇനിയൊരിയ്ക്കൽ വരാം" അവൻ ഒഴിഞ്ഞുമാറും.

അവൻ ബ്രഷ് എടുത്തു വെറുതേ ഒന്നു വരച്ചാൽ അതിനു ജീവനായി. സാറുതന്നെ ഒരിയ്ക്കൽ സൂപ്രണ്ടമ്മയോടു പറയുന്നതു് അവൻ കേട്ടു.

"ഗോപിക്കു നല്ല വാസനയുണ്ടു്. സാധാരണ കുട്ടികൾ പത്തു കൊല്ലം കൊണ്ടു പഠിക്കുന്നതു് അവൻ ഒരു കൊല്ലം കൊണ്ടു പഠിക്കും"

ചിത്രാലയത്തിൽ ഇടയ്ക്കിടെ പരീക്ഷകൾ നടക്കും. ഗോപി എല്ലാററിലും ഉയന്ന മാക്കുകൾ വാങ്ങി.

ഒരിയ്ക്കൽ അവൻ ചിത്രാലയത്തിൽ നിന്നു മടങ്ങുകയായിരുന്നു. പ്രകാശം മങ്ങിത്തുടങ്ങി. പെട്ടെന്നാണു് ഒരാൾ അവന്റെ കണ്ണിൽ പെട്ടതു്. കിട്ടു മൂപ്പൻ. ഞൊണ്ടി ഞൊണ്ടി

നടന്നു പോകുന്നു. വളരെക്കാലത്തിനു ശേഷമാണ് കാണുന്നതെങ്കിലും മൂപ്പനെ അവൻ തിരിച്ചറിഞ്ഞു.

"കിട്ടമൂപ്പാ!" അവൻ വിളിച്ചു.

മൂപ്പൻ അതു കേട്ടെന്നു തോന്നുന്നില്ല. ഒരു പക്ഷേ, തനിക്കു തെററിയിരിക്കുമോ ? അവൻ സംശയിച്ചു.

ഗോപി വേഗം നടന്നു. സംശയം തീർന്നു. കിട്ടമൂപ്പൻ തന്നെ!

"കിട്ട മൂപ്പാ, ഞാൻ വിളിച്ചതു കേട്ടില്ലേ ?" അവൻ ചോദിച്ചു.

മൂപ്പൻ തിരിഞ്ഞു നിന്നു. വാർദ്ധക്യം ബാധിച്ചു തുടങ്ങിയിരുന്നു മൂപ്പനു്. ആളും വല്ലാതെ ക്ഷീണിച്ചിട്ടുമുണ്ടു്. പക്ഷേ, ആ കണ്ണുകൾ ! അവയിലെ തിളക്കം പണ്ടത്തെതു പോലെ തന്നെ.

"എന്നെ അറിയില്ലേ ?" പകച്ചു് തന്നെ നോക്കുന്ന മൂപ്പന്റെ അടുത്തേക്കു ചെന്നു അവൻ.

"ഏതാ, കുട്ടി ?" മൂപ്പൻ ചോദിച്ചു.

"ഗോപിയെ അറിയില്ലേ?"

കിട്ടമൂപ്പൻ കുറച്ചുനേരം അവനെത്തന്നെ തുറിച്ചു നോക്കി. പെട്ടെന്നയാൾ മുന്നോട്ടാഞ്ഞു് അവനെ കെട്ടിപ്പിടിച്ചു. സന്തോഷം കൊണ്ടു് രണ്ടുപേരും കരഞ്ഞുപോയി.

"മോനേ, നീയിപ്പോ എവിട്യാ ?" മൂപ്പൻ തിരക്കി. ഗോപി കാര്യങ്ങളെല്ലാം മൂപ്പനെ മനസ്സിലാക്കി.

"നീ നന്നായി വരും മോനേ !" മൂപ്പൻ അവനെ അനുഗ്രഹിച്ചു.

കിട്ടമൂപ്പനെക്കണ്ടതോടെ അവൻ അമ്മയെക്കുറിച്ചോർത്തു. അമ്മയുടെ ദയനീയമായ രൂപം അവന്റെ മനസ്സിൽ തെളിഞ്ഞു തെളിഞ്ഞു വന്നു.

"ഇനി വല്ലപ്പോഴും കാണാം മൂപ്പാ ! ഞാൻ പോകട്ടെ."

ഗോപി നടന്നു നീങ്ങി. മൂപ്പൻ അവനെത്തന്നെ നോക്കിക്കൊണ്ടു് പ്രതിമപോലെ റോഡിൽ നിന്നു.

## ആറ്

ഗോപി ഇപ്പോൾ സുപ്രണ്ടമ്മയുടെ കൂടെയാണ് താമസം. അവന്ന് ചിത്രം വരയ്ക്കാൻ തിരക്കൊഴിഞ്ഞ സ്ഥലം ആവശ്യമാണെന്ന് അവക്ക് തോന്നി.

ബാലമന്ദിരത്തിൽ വന്ന കുട്ടികളിൽ പലരും നല്ലവരായി ത്തന്നെ പുറത്തുപോയിട്ടുണ്ട്. പക്ഷേ ഗോപിക്ക വന്നതുപോലൊരു മാററം മററാരിലും സുപ്രണ്ടമ്മ കണ്ടിട്ടില്ല. കുപ്പയിൽ മറഞ്ഞു കിടന്ന ഒരു രത്നമാണവൻ.

തന്റെ മകനെപ്പോലെയാണ് സുപ്രണ്ടമ്മ അവനെ സ്നേഹിച്ചത്. അവർ അവനോടു പറയുകയും ചെയ്തു:

" ഇത് നിന്റെ സ്വന്തം വീടാണെന്നു കരുതിക്കോ."

ആ വീട്ടിൽ അവന്ന് പൂർണ്ണ സ്വാതന്ത്ര്യമായിരുന്നു. അവനെ ശാസിയ്ക്കാനോ ഭീഷണിപ്പെടുത്താനോ ആരുമില്ല. സുപ്രണ്ടമ്മയുടെ അമ്മയുണ്ട്. വളരെ പ്രായമായ ഒരു സ്ത്രീ. പിന്നെ ഒരു വേലക്കാരി. സുപ്രണ്ടമ്മ വിവാഹജീവിതം ഉപേക്ഷിച്ച് ഒരു സന്യാസിനിയെപ്പോലെ കഴിയുകയാണ്. ബാലമന്ദിരത്തിലെ കുട്ടികളുടെ നന്മയാണ് അവരുടെ ലക്ഷ്യം.

എല്ലാ സൗകര്യങ്ങളുമുള്ള ഒരു കൊച്ചു വീട്. അതിൽ നല്ലവരായ വീട്ടുകാർ.

ഒരു ദിവസം സുപ്രണ്ടമ്മ മുറിയിൽ കയറി വന്നപ്പോൾ ഗോപി ചിത്രം വരയിൽ മുഴുകിയിരിക്കുകയായിരുന്നു. അവർ

പിന്നിൽ നിന്ന് എത്തിനോക്കി. ഒരു സ്ത്രീയുടെ ചിത്രം ! കണ്ണുകൾ കുഴിയിൽ പോയിരിക്കുന്നു. കവിളുകൾ ഒട്ടിയിരിക്കുന്നു. തലമുടി പാറിപ്പറന്ന് പ്രാകൃതമാണ്. ഒരു കിഴവിയുടെ രൂപം.

"ഗോപീ......" അവർ വിളിച്ചു.

പക്ഷേ, ഗോപി വിളികേട്ടില്ല. അവൻ ചിത്രത്തിൽ തന്നെ ലയിച്ചിരിക്കുകയാണ്. കൈകൾ യന്ത്രത്തെപ്പോലെ ചലിക്കുന്നുണ്ട്.

അവർ അടുത്തു ചെന്ന് അവന്റെ തോളിൽ കൈവെച്ചു. അവൻ ഞെട്ടിത്തിരിഞ്ഞു. സുബ്രഹ്മണ്യമ്മ !

ഗോപി ചാടി എഴുന്നേററു.

അവന്റെ കണ്ണുകൾ വിതുമ്പി നിൽക്കുന്നതു് അവർ കണ്ടു !

"ഗോപീ, നീ കരയുകയാണോ ?" അവർ ചോദിച്ചു.

"അമ്മയെപ്പററി ഓർത്തപ്പോൾ കരഞ്ഞുപോയി. അമ്മ എന്നെപ്പോററാൻ എത്ര പട്ടിണി കിടന്നു!"

"കഴിഞ്ഞതിനെപ്പററി ദുഃഖിച്ചിട്ട് എന്തു കാര്യം കുട്ടീ അതെല്ലാം മറക്കു്. ആട്ടെ, ഇതാരുടെ ചിത്രമാണ്?"

"എന്റെ അമ്മയുടെ ചിത്രം!" അവന്റെ തൊണ്ടയിടറി.

"നീ വരച്ചു് മുഴുവനാക്കു്, ഞാൻ നിന്നെ തടസ്സപ്പെടുത്തി, ഇല്ലേ?"

അവർ തിരിഞ്ഞുനടന്നു. ഗോപി ചിത്രരചനയിൽ മുഴുകി.

അതിൽപ്പിന്നെ സുബ്രഹ്മണ്യമ്മ ഇടയ്ക്കിടെ ചോദിക്കും.

"ആ ചിത്രം മുഴുവനായോ ?"

"ഇല്ല."

ഗോപി പലപ്പോഴും വിചാരിക്കാറുണ്ട്, അമ്മയുടെ ചിത്രം വരച്ച് മുഴുപ്പിക്കണം. പക്ഷേ............ പററുന്നില്ല. എപ്പോഴും എന്തെങ്കിലും കുറവുകാണും.

പരീക്ഷ അടുത്തുവന്നു. കുറെദിവസം അവനു ചിത്രത്തിൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

എങ്ങനെയെങ്കിലും പത്താം ക്ലാസ് പരീക്ഷയിൽ ജയിക്കണം. ഗോപി ഉറപ്പിച്ചു. ഒരു പരീക്ഷയിലും അവൻ തോററിട്ടില്ല. അവൻെറകൂടെ പഠിച്ചുതുടങ്ങിയ പലരും ഇന്നു എട്ടാം ക്ലാസിലാണ്.

രാമു ഒമ്പതിലായിട്ടേയുള്ളു. വികൃതിത്തരങ്ങൾക്കാണ് അവനു് ഉത്സാഹം. ആരെയെങ്കിലും ഉപദ്രവിച്ചില്ലെങ്കിൽ അവനു് ഉറക്കം വരില്ല. രാമുവിനു് ഇന്നും ഗോപിയോട് അസൂയയാണ്.

കുട്ടനാണ് ഇന്നും ഗോപിയുടെ ഏററവും അടുത്ത കൂട്ടുകാരൻ. താൻ വരയ്ക്കാറുള്ള ചിത്രങ്ങൾ അവൻ കുട്ടനു കാണിച്ചു കൊടുക്കും:

"അസ്സലായിട്ടുണ്ട്." കുട്ടൻ പറയും.

അവൻ മുഖസ്തുതി പറയുന്നതല്ല. ഗോപിയുടെ കഴിവിൽ കുട്ടനു വിശ്വാസമുണ്ട്; അവൻെറ ഉയർച്ചയിൽ അഭിമാനവും.

കുട്ടനും പഠിപ്പിൽ മിടുക്കനാണ്. എന്തും ഒരു പ്രാവശ്യം കേട്ടാൽ മതി, അവൻ ഗ്രഹിക്കും.

പരീക്ഷ കഴിഞ്ഞപ്പോൾ ഗോപിക്കു സമാധാനമായി. എല്ലാ വിഷയങ്ങളും ഭംഗിയായിട്ടെഴുതി. അവൻ കുട്ടനോടു പറഞ്ഞു.

"പരീക്ഷയിൽ ജയിക്കുമെന്നു് ഉറപ്പുതോന്നുന്നുണ്ടു് കുട്ടാ!"

"നീ ജയിച്ചില്ലെങ്കിൽ പിന്നെ ആരാ ജയിയ്ക്ക്യാ ?" കുട്ടൻ ചോദിച്ചു.

"നീ നല്ലപോലെ എഴുതിയിട്ടുണ്ടോ?" ഗോപി ചോദിച്ചു.

"ഉവ്വ്; ക്ളാസ്സ് കിട്ടിയില്ലെങ്കിലും ജയിക്കുമെന്നു തോന്നുന്നു." കുട്ടൻ പറഞ്ഞു:

പരീക്ഷ കഴിഞ്ഞിട്ടു് ഒരാഴ്ചയായി. ഒരു ദിവസം സുപ്രണ്ടമ്മ അവനെ വിളിച്ചു പറഞ്ഞു.

"ഗോപീ; കൽക്കത്തയിൽ ഒരു ചിത്രകലാ മത്സരമുണ്ടു്. നിന്റെ ആ ചിത്രം മുഴമിപ്പിച്ചു് അതിനയയ്ക്കു്."

ഗോപിക്കും കുറച്ചൊരു വാശി തോന്നി. രാത്രിയും പകലും മുറിയിൽത്തന്നെ കഴിച്ചുകൂട്ടി. ചിത്രത്തിൽ മാത്രമായി അവന്റെ ശ്രദ്ധ. പുറത്തു നടക്കുന്നതൊന്നും അവൻ ശ്രദ്ധിക്കുന്നില്ല.

സുപ്രണ്ടമ്മ വിളിക്കുമ്പോഴേ ഊണുകഴിക്കാൻ ചെല്ലൂ.

രണ്ടാഴ്ചകൊണ്ടു് അവൻ ആ ചിത്രം മുഴവനാക്കി

ചിത്രം കണ്ട എല്ലാവരും അവനെ അഭിനന്ദിച്ചു. ജീവനുള്ള ചിത്രം. ദുഃഖഭാവം മുഖത്തു് ഓളം വെട്ടുന്നു.

ജീവിതത്തിൽ വലിയൊരു കത്തവ്യം താൻ നിറവേററിയതായി ഗോപിക്കുതോന്നി. തന്റെ മനസ്സിൽ തെളിഞ്ഞു കിടന്നിരുന്ന അമ്മയുടെ രൂപം കടലാസ്സിലേയ്ക്കു പകർത്തിയതു് സത്യസന്ധമായിട്ടുണ്ടെന്നു് അവൻ അഭിമാനിച്ചു.

ശിഷ്യൻ വരച്ച ചിത്രം കണ്ടപ്പോൾ മാധവപ്പണിക്കർ അത്ഭുതപ്പെട്ടുപോയി. ഇത്ര ജീവനുള്ള ഒരു ചിത്രം അദ്ദേഹം കണ്ടിട്ടില്ല. ഗോപി തന്റെ ശിഷ്യനാണെന്നോർത്തപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം അഭിമാനം കൊണ്ടു നിറഞ്ഞു. അദ്ദേഹം അവനെ അഭിനന്ദിച്ചു.

"വളരെ നന്നായിരിക്കുന്നു ഗോപീ. തീർച്ചയായും ഇതു മത്സരത്തിന്നയയ്ക്കണം."

ഗുരുവിന്റെ അഭിപ്രായവും കൂടി കേട്ടപ്പോൾ അവന് കൂടുതൽ ആത്മവിശ്വാസം തോന്നി.

## ഏഴ്

ഗോപി പരീക്ഷയിൽ പ്രശസ്തമായരീതിയിൽ വിജയിച്ചു. സ്റ്റേറ്റിൽ രണ്ടാം റാങ്ക് അവന്നായിരുന്നു. ബാലമന്ദിരത്തിലെ കുട്ടികളിൽ പലരും ജയിച്ചു.

കുട്ടന്റെ വിജയമാണ് ഗോപിയ്ക്ക് കൂടുതൽ ആഹ്ലാദമുണ്ടാക്കിയത്. കുട്ടന് ഒന്നാം ക്ലാസ്സുണ്ട്.

ഗോപിയെ അഭിനന്ദിക്കുവാൻ സുപ്രണ്ടമ്മയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. പുറത്തു നിന്ന് പ്രശസ്തരായ പലരും അതിൽ സംബന്ധിച്ചിരുന്നു.

ഗോപി എല്ലാവരുടേയും അനുമോദനങ്ങൾക്കു പാത്രമായി. അവൻ മികച്ച ഒരു ചിത്രകാരൻ കൂടിയാണെന്ന വിവരം സുപ്രണ്ടമ്മയുടെ ചുണ്ടുകളിൽ നിന്നു പുറത്തു വന്നപ്പോൾ സദസ്യർ ഒന്നടങ്കം കയ്യടിച്ചു.

പത്രപ്രതിനിധികൾ അവനെ വളഞ്ഞു: പലതും ചോദിച്ചു. എങ്ങനെ പഠിപ്പിൽ നല്ല മാർക്കു നേടാൻ കഴിഞ്ഞു? ഇനി എന്തു ചെയ്യണമെന്നു വിചാരിക്കുന്നു? കോളേജിൽ പോകുന്നോ? എന്തെങ്കിലും ഉദ്യോഗം കിട്ടിയാൽ കൊള്ളാമെന്നുണ്ടോ ?

തന്റെ ഉയർച്ചയ്ക്കെല്ലാംകാരണം സുപ്രണ്ടമ്മയാണെന്ന് അവൻ പറഞ്ഞു. അവരുടെ അഭിപ്രായമനുസരിച്ചേ ഭാവിയിൽ എന്തിലും അവൻ ഏർപ്പെടൂ.

അന്ന് ഗോപിയുടെ ദിവസമായിരുന്നു. ബാലമന്ദിരത്തിൽ എല്ലാവരും അവനെക്കുറിച്ചു സംസാരിച്ചു. കുട്ടൻ അവനെ കെട്ടിപ്പിടിച്ചു.

"നീ യിനി എന്തു ചെയ്യാൻ പോകുന്നു കുട്ടാ ?" ഗോപി ചോദിച്ചു.

"ങാ! ഞാൻ ഗോപിയോടു പറഞ്ഞില്ലല്ലോ. എന്റെ അച്ഛൻ ഒന്നു രണ്ടു തവണ ഇവിടെ വന്നിരുന്നു, എന്നെ വീട്ടിലേയ്ക്കു കൊണ്ടു പോകാൻ." കുട്ടൻ പറഞ്ഞു.

"നീ പോകുന്നില്ലേ?"

"പോകണമെന്നാണ് സൂപ്രണ്ടമ്മ പറയുന്നതു്. അച്ഛന്റേയും ചെറിയമ്മയുടേയും സ്വഭാവം മാറിയിട്ടുണ്ടുപോലും." കുട്ടന് അവിടം വിട്ടു പോകാൻ മനസ്സില്ലെന്നു തോന്നും അവന്റെ ഭാവം കണ്ടാൽ.

"നീ പോകണമെന്നാണ് എനിയ്ക്കും തോന്നുന്നതു്. എന്തയായാലും നിന്റെ അച്ഛനല്ലേ ?" ഗോപി ഉപദേശിച്ചു. "എവിടെപ്പോയാലും നീ വെറുതേ ഇരിയ്ക്കരുതു്. സംഗീതം പഠിക്കണം."

"എനിക്കു പഠിച്ചാൽ കൊള്ളാമെന്നുണ്ടു്. പക്ഷേ..." കുട്ടൻ സംശയിച്ചു നിറുത്തി.

"ഉത്സാഹമുണ്ടെങ്കിൽ എല്ലാം നടക്കും കുട്ടാ." ഗോപി അവനെ ആശ്വസിപ്പിച്ചു.

ഗോപി ആലോചിച്ചു. കുട്ടന് അമ്മയില്ല. പക്ഷേ, അച്ഛനും ചെറിയമ്മയും ഉണ്ടു്. തനിയ്ക്കോ ? സ്വന്തമെന്നു പറയാൻ ആരുണ്ടു് ? അമ്മയുണ്ടായിരുന്നെങ്കിൽ !

അമ്മയെപ്പററി ഓർത്തപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

ഗോപി ആലോചനയിൽ മുഴുകി നിൽക്കുന്നതു കണ്ടു് കുട്ടൻ ചോദിച്ചു. "ഗോപി, എന്താ ആലോചിക്കുന്നതു് ?"

"ഞാൻ അമ്മയെപ്പററി ഓർത്തുപോയി." അവൻ പറഞ്ഞു.

സുഭദ്രക്കുഞ്ഞമ്മ ഗോപിയെ അന്വേഷിക്കുന്നുണ്ടെന്നു് വാച്ചർ വന്നു പറഞ്ഞപ്പോഴാണു് ആ സുഹൃത്തുക്കൾ പിരിഞ്ഞതു്.

അവൻ ചെന്നപ്പോൾ മാധവപ്പണിക്കർ ഉണ്ടായിരുന്നു സുഭദ്രക്കുഞ്ഞമ്മയുടെ അടുത്തു്. പണിക്കർ പറഞ്ഞു.

"എൻെറ അഭിനന്ദനങ്ങൾ കൂടിയുണ്ടു് ഗോപീ നിനക്കു്."

അവൻ വിനയപൂർവ്വം തല കുനിച്ചു.

ചിത്രാലയത്തിൽ ഗോപിയ്ക്കൊരുദ്യോഗം കൊടുക്കാൻ പണിക്കർ തയ്യാറായിരുന്നു. പക്ഷേ സുഭദ്രക്കുഞ്ഞമ്മ പറഞ്ഞു.

"അവനെ ഒരുദ്യോഗത്തിൽ തളച്ചിടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒന്നുകിൽ പഠിയ്ക്കട്ടെ. അല്ലെങ്കിൽ ഒരു സ്ഥാപനം ഉണ്ടാക്കി പ്രവർത്തിക്കട്ടെ."

അവർ തിരിഞ്ഞു് ഗോപിയോടു ചോദിച്ചു.

"നിൻെറ അഭിപ്രായമെന്താണു ഗോപീ ?"

"അമ്മയുടെ ഇഷ്ടം." അവൻ പറഞ്ഞു.

# എട്ട്

കുട്ടികളിൽ പലരും ജീവിതോപായങ്ങൾ തേടി പിരിഞ്ഞുപോയി. ചിലരെ രക്ഷിതാക്കൾ വന്നു കൊണ്ടുപോയി.

പുതിയ കുട്ടികൾ പലരും വന്നു.

കുട്ടൻെറ വിളികേട്ടാണു് ഗോപി പുറത്തേക്കു വന്നതു്. യാത്ര ചോദിക്കാൻ വന്നിരിക്കയാണു് കുട്ടൻ. കൂടെ കിഴവനായ ഒരു മനുഷ്യനുമുണ്ടു്.

"ഇതാണ് എൻെറ അച്ഛൻ." കുട്ടൻ പിതാവിനെ പരിചയപ്പെടുത്തി.

അച്ഛൻെറ ഛായ തന്നെയാണു കുട്ടനും. ഒരാളെ വാർദ്ധക്യം അവശനാക്കിയിട്ടുണ്ടെന്നു മാത്രം.

"എൻെറ കൂട്ടുകാരൻ ഗോപിയാണച്ഛാ." കുട്ടൻ പിതാവിനോടു പറഞ്ഞു:

"നിൻെറ വിവരങ്ങളൊക്കെ കുട്ടൻ എന്നോടു പറഞ്ഞു കുട്ടീ." വൃദ്ധൻ പറഞ്ഞു.

"ഞാൻ പോവുകയാണു ഗോപീ."

കുട്ടൻ മുമ്പോട്ടുവന്നു് ഗോപിയുടെ കൈകൾ കൂട്ടിപ്പിടിച്ചു.

"ഇനി എന്നു കാണും കുട്ടാ ?" ഗോപിയ്ക്കു തൊണ്ടയിടറി.

"പററിയെങ്കിൽ വല്ലപ്പോഴും കാണാം. " കുട്ടനും സങ്കടം വന്നു.

കുട്ടൻ അവൻെറ അച്ഛൻെറ പുറകേ നടന്നുപോകുന്നതു നോക്കിക്കൊണ്ടു് ഗോപി നിന്നു. എന്തോ വിലപ്പെട്ട ഒന്നു് നഷ്ടപ്പെട്ടതുപോലെ തോന്നി അവനു്.

ഭാഗ്യം ചിലപ്പോൾ കൂട്ടത്തോടെയായിരിക്കും വന്നു കയറുക!

ഒരു കയ്യിൽ നിവർത്തിപ്പിടിച്ച കടലാസ്സുമായി ഗോപി ഓടിക്കയറി വരുന്നതു കണ്ടപ്പോൾ സുഭദ്രമ്മ പരിഭ്രമിച്ചു.

"എന്താ ഗോപീ ?" അവർ ചോദിച്ചു.

ഗോപിക്കു മിണ്ടാൻ കഴിഞ്ഞില്ല. അവൻെറ വിറയ്ക്കുന്ന കയ്യിലിരുന്ന കടലാസു് അവർ വാങ്ങി നോക്കി.

സുഭദ്രമ്മ ഗോപിയെ അരുമകുഞ്ഞിനെപ്പോലെ കെട്ടിപ്പിടിച്ചു. രണ്ടുപേരുടേയും കണ്ണുകളിൽ നിന്നു് സന്തോഷക്കണ്ണുനീർ ഒഴുകി.

മത്സരത്തിനയച്ച ഗോപിയുടെ ചിത്രം ഒന്നാം സമ്മാനത്തിനർഹമായിരിക്കുന്നു. അയ്യായിരം രൂപ! ആ വിവരത്തിനു വന്ന ടെലഗ്രാമാണു് അവൻെറ കയ്യിൽ ഇരുന്നിരുന്നതു്.

വിവരമറിഞ്ഞു് പലരും സുഭദ്രമ്മയുടെ വീട്ടിൽ ഓടിക്കൂടി. സുകുമാരൻസാറും മാധവപ്പണിക്കരും അവനെ കെട്ടിപ്പിടിച്ചു. കൂട്ടുകാർ അവനെ അനുമോദിച്ചു.

"ഞാൻ അന്നേ തീരുമാനിച്ചിരുന്നു ഗോപീ, നിനക്കു് സമ്മാനം കിട്ടുമെന്നു്. " മാധവപ്പണിക്കർ പറഞ്ഞു.

"അങ്ങയുടെ അനുഗ്രഹമാണതിന്നു കാരണം."

ഗോപി വിനയപൂർവ്വം തല കുനിച്ചു.

"നീ എന്റെ ശിഷ്യനായിത്തീർന്നതിൽ ഞാൻ അ
മാനിക്കുന്നു ഗോപീ!" വാത്സല്യം കൊണ്ടു് അദ്ദേഹത്തിന്റെ
തൊണ്ടയിടറി.

ആ ഗുരു ശിഷ്യന്മാരുടെ സ്നേഹപ്രകടനങ്ങൾ ക
ട്ടപ്പോൾ, സന്തോഷം കൊണ്ടു് സൂപ്രണ്ടമ്മയുടെ കണ്ണുകൾ ന
ഞ്ഞുപോയി.

MUNAVIRUL ISLAM HIGH SCHOOL.
Date....................
ERNAKULAM.

Printed at SUBASH PRINTING WORKS, Palayam, Trivandrum

ൻ അ
ത്തിന്റെ

ം ക
ൾ ന

andrum

MUNAVIRUL ISLAM HIGH SCHOOL,
Date....................
ERNAKULAM.